**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2791** **14-09-2023 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് അടഞ്ഞുകിടക്കുന്ന വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എ) | ആലംകോട് വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം (ക്ലിപ്തം നമ്പർ 306) 2004 മുതൽ പ്രവർത്തനരഹിതമാണ്. സംഘത്തിന്റെ പ്രവർത്തനം പുന:രാരംഭിക്കുന്നതിന് സംഘത്തിൽ നിലവിലുള്ള തറികളുടെ അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. സംഘത്തിന് കേരള ബാങ്കിൽ ക്യാഷ് ക്രഡിറ്റ് ഇനത്തിൽ 80 ലക്ഷം രൂപയോളം കുടിശ്ശികയുള്ളതിനാലാണ് സംഘത്തിന്റെ പ്രവർത്തനം പുന:രാരംഭിക്കാൻ കഴിയാത്തത്.<br><br>പ്രസ്തുത സംഘത്തിന് പ്രവർത്തനമൂലധനമായി ധനസഹായം അനുവദിക്കാൻ കഴിയുന്ന സർക്കാർ പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ